CHRIST COLLEGE OF ENGINEERING
(AUTONOMOUS)

AGNEYA

# വെയിൽ
## കായുന്ന മഞ്ഞുതുള്ളികൾ



MAGAZINE 25-26



അടിച്ചമർത്തലുകൾക്കെതിരെ

പൊരുതാനുള്ള ആർജ്ജവമുള്ളവർ

ഇക്കൂട്ടത്തിലുണ്ടോ?



“കേൾക്കാൻ കഴിയാതെ

മാലോകർ വാഴുന്ന

കാഴ്ച്ചയില്ലാത്ത ലോകത്തെ

യാചകർ എവിടെ”

"അന്വേഷണങ്ങൾക്കൊടുവിൽ

കണ്ടുകിട്ടാതിരിക്കട്ടെ"

# Everything is എസ്തെറ്റിക്





വെറുമൊരു മഞ്ഞുതുള്ളിക്ക് എന്തു ചെയ്യാൻ കഴിയും!!

രാത്രിയുടെ സേകത്തിൽ നിന്നും വിട്ടൊഴിഞ്ഞ്

യാത്രയാക്കാൻ സൂര്യൻ വരുന്നതും നോക്കി കാത്തു

കിടക്കുക.





അണയാൻ പോകുന്നവളെ നോക്കി
സൂര്യരശ്മികൾ ചിരിച്ചു.
പകലിലെ അതികായർക്കിടയിൽ
ഇവൾക്കെന്തു കാര്യം എന്ന ഭാവത്തോടെ

# സമർപ്പണം

"എന്നും ഏതിനും ഞങ്ങളോടൊപ്പം
ഉണ്ടാകേണ്ടിയിരുന്നവൻ
സ്വപ്നങ്ങളൊരുപാട് ബാക്കി വച്ച്
വിട ചൊല്ലാൻ നിൽക്കാതെ
തിരികെ മടങ്ങിയപ്പോൾ
നിനക്കു പകരമാകാൻ നിന്റെ ശബ്ദമാകാൻ
ഒരു പാട് ഹൃദയങ്ങൾ ഇവിടെയുണ്ട്."

MOHAMMED FARHAN K M
03-04-2007 | 09-03-2026



# VISION

**To be a premier technical institution that nurtures professionally competent and socially responsible engineers through quality education, training and research.**

# MISSION

**Implement state-of-the-art teaching-learning practices with qualified faculty and supportive infrastructure to impart knowledge in modern technologies. Create a quality education system that encourages faculty and students to involve in meaningful research for the benefit of society. Inculcate leadership qualities, ethical values and foster professionalism with the spirit of innovation and lifelong learning.**

# CCE

## CHRIST COLLEGE OF ENGINEERING (AUTONOMOUS)

Christ College of Engineering (Autonomous) (CCE), established in 2015, is affiliated to APJ Abdul Kalam Technological University, Thiruvananthapuram; and is recognized by AICTE, New Delhi. This college was founded at a time when starting a new engineering college was not considered as a sensible proposition. In its short span of existence, exceeding all expectations and proving all critics wrong, Christ College of Engineering (Autonomous) has managed to create ripples on the academic front in the university, so much so that today the college is being recognized as one of the best self-financing engineering colleges in Kerala.

Staff and students are at the center of this success story. No stone is being left unturned in ensuring that along with academics, the students get the right amount of exposure required for tomorrow's successful global citizen, through the various initiatives held at this campus. With the kind of transformative learning model in place here, the college is well on its way to making a positive impact on our society and nation at large.



# MESSAGE



It fills my heart with great joy and pride to extend my heartfelt congratulations to the dedicated and talented team behind this remarkable initiative. It is a beautiful expression of your passion, creativity, and collective spirit.

Each page reflects the vibrant intellectual life we cherish at Christ College of Engineering. Your ability to blend modern technology with professionalism, creativity, and purpose speaks volumes about the values we strive to instill —confidence, adaptability, and excellence.

Your hard work, unity, and determination shine through every detail, inspiring everyone around you.

May it inspire many more young minds to believe in themselves and strive for greatness. I offer my heartfelt appreciation and prayers for your continued success. May you achieve even greater heights in all your future endeavours.

Rev. Fr. John Paliakara CMI
Executive Director



# MESSAGE

ഈ മാസിക, വിദ്യാർത്ഥികളുടെ
സൃഷ്ടിപരമായ ചിന്തകൾക്കും,
അനുഭവങ്ങൾക്കും,
കഴിവുകൾക്കും ഒരു വേദിയാണ്.
വാക്കുകളിലൂടെ, ചിത്രങ്ങളിലൂടെ,
ആശയങ്ങളിലൂടെ — ഓരോ
സംഭാവനയും നമ്മുടെ കൂട്ടായ
ആത്മാവിന്റെ പ്രതിഫലനമാണ്.

"വെയിൽ കായുന്ന
മഞ്ഞുതുള്ളികൾ" എന്നത് വെറും
ഒരു ശീർഷകം മാത്രമല്ല; അത്
നമ്മുടെ പ്രതിസന്ധികളിൽ
നിന്നുള്ള ഉയർച്ചയും, സ്വപ്നങ്ങൾ
സാക്ഷാത്കരിക്കുന്നതിനുള്ള
യാത്രയും പ്രതിനിധീകരിക്കുന്നു.

ഈ മാസികയിൽ പങ്കുചേർന്ന
എല്ലാ വിദ്യാർത്ഥികൾക്കും
ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.
അവരുടെ സൃഷ്ടികൾ,
മറ്റുള്ളവർക്കും പ്രചോദനമാകട്ടെ.

"Let every drop shine, even under the sun."

വെയിൽ കായുന്ന മഞ്ഞുതുള്ളികൾ

"വെയിൽ കായുന്ന
മഞ്ഞുതുള്ളികൾ" — ഈ
മനോഹരമായ ശീർഷകം തന്നെ
ജീവിതത്തിന്റെ ഒരു സത്യത്തെ
നമ്മെ ഓർമ്മപ്പെടുത്തുന്നു. തണുത്ത
മഞ്ഞുതുള്ളികൾ പോലും സൂര്യന്റെ
ചൂടിൽ തിളങ്ങി നിൽക്കുന്ന പോലെ,
നമ്മുടെ വിദ്യാർത്ഥി ജീവിതവും
വെല്ലുവിളികളുടെയും
അവസരങ്ങളുടെയും ഇടയിൽ
പ്രകാശമാനമാകുന്നു.

Christ College of Engineering എന്ന
നമ്മുടെ പ്രിയ വിദ്യാലയം,
അറിവിന്റെയും മൂല്യങ്ങളുടെയും
സംഗമസ്ഥലമാണ്. ഇവിടെ ഓരോ
വിദ്യാർത്ഥിയും ഒരു
മഞ്ഞുതുള്ളിയാണ് — സ്വന്തം
സ്വപ്നങ്ങളുമായി, കഴിവുകളുമായി,
പ്രതീക്ഷകളുമായി എത്തുന്നവർ.
അധ്യാപകരുടെ മാർഗ്ഗനിർദ്ദേശവും,
ആത്മാർത്ഥമായ
പഠനാന്തരീക്ഷവും, സഹപാഠികളുടെ
സൗഹൃദവും ചേർന്നപ്പോൾ,

**Rev. Fr. Milner Paul Vithayathil**
**Joint Director**

# MESSAGE



A magazine is more than just pages—it is a mirror reflecting our dreams, ideas, and achievements.

At Christ College of Engineering, the journey of nurturing bright minds continues, and this publication stands as a testament to that vision.

This magazine serves as a vibrant platform that showcases academic excellence, creative talent,
and the dynamic campus life that defines the institution.

It brings together voices that inspire, ideas
that challenge, and stories that connect our community.

My heartfelt congratulations to the editorial team and all contributors for their dedication and hard
work in bringing this edition to life.

To the creators, writers, and dreamers—this magazine reflects your voice, your vision, and your spirit. Continue to push boundaries and share your stories with
confidence and passion.

Christ College of Engineering is proud of you, and I wish this magazine continued success in inspiring many more minds in the years ahead.

Rev. Fr. Jojo Arikkadan CMI
Finance Director

# MESSAGE



It gives me great pleasure to share a few words for this new edition of our college magazine.

This magazine beautifully reflects the creativity, talents, and vibrant ideas of the students and staff of CCE.

It is not merely a collection of pages, but a meaningful platform where minds across generations come together to express their thoughts, dreams, and achievements.

I sincerely congratulate the editorial team and all the contributors for their dedication, creativity, and hard work in bringing out this wonderful publication.

Your efforts have made this magazine a source of inspiration and pride for the entire college community.

May this magazine encourage every reader to explore their potential, nurture their talents, and strive for excellence in all their endeavors. I hope it continues to inspire many more creative expressions in the years to come. I wish the entire team continued success in all their future endeavors.

Dr. Sijo MT
Principal



# MESSAGE

Another eventful academic year is going past us. As I reflect on the past year, I take pride in the fact that Christ College of Engineering is now Christ College of Engineering (Autonomous). We have continued to push boundaries in engineering education and innovation. Our students and faculty have excelled in academics, research projects, and industry collaborations; bringing laurels t o our institution.

Through partnerships with leading organisations/industries and research initiatives, we've created opportunities for hands-on learning and impactful projects. Our focus on skill development and holistic education has been preparing our students to be future-ready engineers.

Highlights include conduct of the hugely successful TECHLETICS 2026, meaningful and podium-finish participation i n quite a few hackathons, innovative department and classwise project expos, and final-year projects & internships in top organizations/companies.

We're also strengthening ties with alumni and the industry to enhance learning and career pathways. A s we move forward, we'll keep striving for creativity, excellence i n technology, and societal impact.

I am certain that this edition of the College Magazine will be capturing all this and much more. I commend all those involved in the realisation of this magazine. May the readers o f this magazine be spurred on to achieve higher personal, academic, research and collaborative goals. Wishing CCE many more milestones i n the coming years.

**Dr. V. D. John**
**Vice-Principal**

# MESSAGE



As we complete yet another year of achievements, the most prominent among them being the attainment of Autonomy status, I encourage all students to keep pushing boundaries and exploring new horizons.

College life is a time to learn, grow, and create memories that last a lifetime. Cherish the friendships, learn from experiences, and don't be afraid to step out of your comfort zone. Whether it's academics, sports, or extracurriculars, find what excites you and pursue it with passion.

Wishing you all the best for your journey ahead – may it be filled with growth, success, and joy.

Remember, you're part of a vibrant community that'll support you every step of the way.

Dr. Sajeev John
Director of Student Affairs

# MESSAGE



The College Magazine is more than just a publication; it is a celebration of ideas, creativity, and student voices.

Each article reflects the passion, curiosity, and intellectual spirit that define Christ College of Engineering.

I commend all the students who have contributed their thoughts and creativity, and I encourage many more to participate in such enriching endeavors in the future.

May this magazine serve as a source of inspiration and a stepping stone toward greater achievements.

Dr. Manoj George
Director of Academics

# MESSAGE



Words showing care, words that lay bare,
Words that dare, words we lovingly share,
At the tip of the tongue, words in a snare,
Unspoken yet, words that hang in the air.

Mightier than a sword, has it always been a pen?
Have ideologies crumbled?
Civilisations fallen?
Careful with words; but they need a letting out,
Youth have a lot of words, time to give a shout!

Power of words is unpredictable, unmeasurable. The magazine is giving the campus a chance to
voice them with confidence, with impact.

Congratulations to the editor and everyone who made it
possible through this lovely college magazine.

Dr. Sudha Balagopalan
Director of Outreach and Professional Development

# MESSAGE



It is a pleasure to share a few words in this edition of our college magazine. Such publications are a reflection of the creativity, curiosity, and vibrant ideas that thrive within our campus. Research begins with the courage to question and the passion to explore new possibilities.

I am delighted to see our students expressing their thoughts, talents, and innovative ideas through this platform. This magazine truly showcases the spirit of learning and discovery that defines our institution. I congratulate the editorial team and all contributors for their dedication in bringing out this wonderful publication. May it continue to inspire curiosity, creativity, and a love for knowledge among our students.

Dr. Elizabeth Elias
Director of Research

# STAFF EDITORIAL





കോളേജ് മാഗസിനൊരു പേര് വേണം.
അതും വെറുമൊരു പേരു മാത്രമായി
ഒതുങ്ങരുത്. വർഷത്തിൽ ഒരിക്കൽ
സംഭവിക്കുന്നതിന് വേറിട്ടൊരു
ചിന്താഗതിയുടെ ഉള്ളടക്കവും വേണം.
ചിന്തയിലാണ്!!!

കലാലയം എന്നത് ഒരു വികാരമാണ്.
അതിന്റെ ഏറ്റവും ശക്തമായ തുറന്നു
പറച്ചിലാണ് മാഗസിൻ. പറഞ്ഞതും
പറയാതെ ബാക്കി വച്ചതും
വരകളിലൂടെയും വരികളിലൂടെയും
കഥാപാത്രങ്ങളിലൂടെയും ഇവിടെ
പുനർജനിക്കുന്നു. ആ ജനനത്തിന്
"വെയിൽ കായുന്ന മഞ്ഞുതുള്ളി " ഒരു
കാരണമായെങ്കിൽ
അതിശയപ്പെടേണ്ടതില്ല.

പുറമെ മറ്റുള്ളവരാൽ
തെറ്റിദ്ധരിപ്പിക്കപ്പെടുന്നവരെ ഇവിടെ
മഞ്ഞുതുള്ളിയോടുപമിക്കാം. ഒരു നല്ല
പുലരിക്കായ് ഇനിയും നാളുകൾ
കാത്തിരിക്കുന്നവർ,
തിരിച്ചടികൾക്കിടയിലും മറ്റുള്ളവരിൽ
സമാധാനം പ്രദാനം ചെയ്യുന്നവർ,
ആകാംക്ഷ നിറഞ്ഞ ജീവിതങ്ങൾ
ഇവരെല്ലാം മഞ്ഞുതുള്ളിയുടെ
പ്രതീകങ്ങൾ മാത്രം.

ജനനം മുതൽ പ്രതീക്ഷയുടെ ;
ആഗ്രഹങ്ങളുടെ ബന്ധനങ്ങളിൽ
ഒതുങ്ങിക്കൂടിയവർ, ഉച്ചത്തിൽ വിളിച്ചു
പറയാൻ തുടങ്ങുന്ന വേളകളിൽ,
മറുപടിക്കായി വാക്കുകൾ
പരതുന്നവരെ നമുക്കിന്നു കാണാൻ
കഴിയും. മാറ്റങ്ങൾ വരുന്നിടത്തു
മാറാനുള്ള മനസ്സുമായി
നിൽക്കുന്നവർക്ക് വേണ്ടി ഈ
മാഗസിനിലെ ഓരോ കൃതികളും
സമർപ്പിക്കുന്നു.

ഓരോ താളുകളും നിറക്കുവാൻ കൂടെ
നിന്ന സഹപ്രവർത്തകർ,മാനേജ്മെന്റ്
എന്തിനും ഏതു സമയത്തും മാഗസിന്റെ
പ്രവർത്തനങ്ങളിൽ മുഴുകിയ ഒരു പറ്റം
വിദ്യാർത്ഥികൾ. ഇവരുടെയൊക്കെ
പ്രയത്നത്തിന്റെ ഫലം തന്നെയാണ്
ഇവിടെ കാണുന്നത്.

**Mr. Nithin K S**
**Assistant Professor**
**Electrical & Electronics Engineering**

# Edito

In the quiet spaces between our hurried routines, there lies a gentle kind of magic, one that feels a little like home. It lives in fleeting moments: a warm cup of tea held between your hands, the hush of an early morning, the comfort of a familiar laugh, echoing softly. These small, ordinary fragments are where we return to ourselves.

This magazine is a pause you can step into, like a familiar room filled with warmth. A place where thoughts settle, where memories feel close, and where you are not rushed past your own moments. Here, ideas unfold slowly like conversations that don't need to end, like evenings that linger just a little longer.

We believe that the simplest feelings often carry the deepest meaning. That comfort can be found in reflection, and that even the quietest emotions deserve a place to rest. As you turn these pages, may you find something that feels like your own memory, a thought, a feeling that gently stays with you.

# rial

Let this be your small corner of calm, a space that reminds you of home,not a place, but a feeling. And when you leave, may you carry that warmth with you, tucked softly into your lives.



Angel Maria Ben
S4, CSE A
(2024-2028)
Student Editor

# From Another Point Of View.


Let's start the
Journey

# THE EVENT

### DEEKSHARAMBH

The journey begins here.
Step into a world of possibilities.



### SPORTS MEET



A celebration of strength, spirit, and sportsmanship.

### ONAM

Tradition comes alive on campus.
Colors, culture, and celebration.



# TRAIL



## FRESHERS DAY

New faces, new energy.
A grand welcome to the spotlight.



## ALUMNI MEET

Same roots, greater journeys



## CHRISTMAS

Lights, laughter, and cheer.
Celebrating joy together.



## TECHFEST

Ideas turn into innovation.
Where tech meets creativity.


"Dreams become
Reality
when paired with
DISCIPLINE."



# DEW & INK



# A Life That Never Stayed

The days arrive like drifting mist,
They brush my face, then disappear.
I try to hold what once existed—
But time dissolves it year by year.
The laughter echoes faint and thin,
A memory worn and out of place;
I hear it somewhere deep within,
Yet cannot find the living face.
The rooms I walk are filled with air,
With silent walls that watch me roam;
And though my body lingers there,
My soul has never called it home.
I search for meaning in the night,
Among the stars that slowly die;
But even they refuse their light—
They flicker once, then fade like I.
What is a life but passing breath,
A fragile flame that cannot last?
We wander softly into death
Still reaching for a vanished past.
And in the end, when all is still,
When every dream has turned to dust,
You learn the truth you always will:

The world moves on— It simply must.
But somewhere in the quiet deep,
Where empty hours forever start,
The cruelest ghost we ever keep
Is the hollow echo of an empty heart.

- Daniel Joseph
S2 EEE
(2025-2029)



# What we never said

We didn't say much that night.
Just stood too close
and called it nothing.
Your eyes held something—
or maybe I imagined it.
By morning
we were quieter.
Like dewdrops
that shine for a moment
and then vanish
when the sun comes up.
No drama.
No war.
Just light
being stronger
than what we thought we felt.



- Sreyas Sreejith
S2 CSDS
(2025-2029)



# നിശ്വാസങ്ങളിൽ അവശേഷിക്കുന്നത്

വിങ്ങുന്നു നൊമ്പരമിന്നും മനസ്സിൽ
നിർത്താതെ അണപൊട്ടിയൊഴുകുന്ന നേത്രങ്ങൾ..
ആശ്വാസമേകുവാൻ ആരുമില്ലിവിടിന്ന്..
നിശ്ചലമാവുന്നു മനസ്സിന്റെ നൊമ്പരം..
മരവിച്ച മനവുമായ് നീങ്ങി ഞാനന്ന്
ഇടറുന്ന കുഞ്ഞി പാദങ്ങളാൽ..
ആരുമില്ലിവിടൊന്നു ചേർത്തുപിടിക്കുവാൻ
മാറുന്നു അന്ധകാരത്തിൻ സദൃശ്യമായ് ജീവിതം..
ചുമലിലെ ഭാരമായ് മാറുന്നു നൊമ്പരം
ഇല്ലിവിടെയാരും താങ്ങായി തുണയായി ..
കൊളുത്തി വലിക്കുന്ന മനമുള്ള  ജീവിതം

മാറി  മത്സ്യചൂണ്ടതൻ സമാനമായ്..
ഒന്നു മടങ്ങുവാനാശിച്ചു ഞാനിന്ന്
തിരികെ നോക്കീടുന്നുവാ പഴയ ജീവിതം ..
മൊഴിയാതെ കൊണ്ടുനടക്കുന്ന വേദന
ജനിക്കുന്നു നിശ്വാസ രൂപത്തിലെന്നിൽ...
കാത്തിരിക്കുന്നു ഞാനകലേക്കു നോക്കി

ചുവടിടറി വീഴാതെ നിൽക്കുന്നു ഞാനിന്ന്
തിരികെ മടങ്ങുവാനാശിച്ചു പോകുന്നു..
മാറുന്നു വിശ്വാസമാകും പ്രതീക്ഷകൾ
നിശ്വാസമായെന്റെ ജീവിതത്തിൽ..

Maria Rose Augustine
S2 CS C
(2025-2029)



# The Nostalgia

The cruelest thing about memories is that they remain young forever.
The streets in them do not age.
The laughter does not fade.
The sunlight that once filled an afternoon stays warm, untouched by time.
Only he grows older.
Years pass quietly over his shoulders until one day he realizes something unsettling — the boy who once walked those streets so freely now feels like a stranger. The memories are vivid, alive, almost breathing... but the person who lived inside them no longer exists.
There was a time when life felt endless.
Evenings stretched slowly beneath golden skies, and tomorrow always felt generous with possibilities. Back then he believed those days would never truly disappear. They felt permanent, like chapters in a story that would keep repeating forever.
But time is a quiet thief.
It never arrives with noise. It simply moves through life unnoticed, taking things little by little. First the long evenings vanish. Then the careless laughter fades. The small ordinary moments—those he never thought to treasure—are suddenly gone.
And now, all that remains are photographs.
Still images of a life that feels both familiar and distant. Sometimes when he looks at them, it feels as if the photographs remember more about him than he remembers about himself.
They preserve a version of him that time has quietly erased.
One morning he wakes up and understands something strange.
The places that once felt like home now exist only in memory. The boy who once filled those places with life is someone he can never meet again. The distance between who he was and who he has become feels wider than any road he has ever walked.
And the truth slowly settles in his heart.
He does not only miss the past.
He misses the person he was when the past was still the present.
Sometimes an evening carries the faint scent of yesterday. A passing breeze, a fading light, a distant sound—something small awakens a forgotten feeling. For a moment his heart becomes ten years younger.

And yet, ten times lonelier.
Because nostalgia is cruel. It allows him to visit moments that no longer exist. It opens
doors to rooms that time has long since emptied.
There are memories that still feel like home.
Warm. Familiar. Alive.
But whenever he steps inside them, he realizes something quietly heartbreaking.
The person who once lived there...
is gone.



-Daniel Joseph
S2 EEE
(2025-2029)



Antony
S6-CSA



Adithyan Jyothish
S6 EC



Adithyan Jyothish
S6 EC



Antony Joe
S6 EC



Antony Joe
S6 EC




Adithyan Jyothish
S6 EC

















**-Sandesh K San**
**S2 EEE**
**(2025-2029)**

"ബാഷ്പമായി മാറുവാൻ ഒരുങ്ങിക്കോളൂ "

സൂര്യരശ്മികൾ പറയാതെ പറഞ്ഞു



"ചേതനയറ്റ ശരീരം പോലും

പ്രകൃതിക്ക് ദാനമായി നൽകാൻ

കഴിയാത്തൊരു ജന്മം "

അവളുടെ വാക്കുകൾ

ആത്മഗതത്തിൽ ഒതുങ്ങി

"ജനിക്കാനും മരിക്കാനും മാത്രമായി

എന്തിനിങ്ങനൊരു ജന്മം"

"ബാഷ്പമായി മാറാതിരിക്കണം,

മരിക്കാതിരിക്കണം "



**അവൾ മനസ്സിലുറപ്പിച്ചു**

# THE WHISPERING

# GALAXY

Far beyond the blue skies of earth, where human telescopes could barely see, there was a mysterious galaxy called the silent spiral.

Inside this galaxy lived billions of glowing stars. One small young star named Luma had just been born from a cloud of cosmic dust. Luma was curious about everything.

"Why do we shine?" Luma asked the ancient star nearby.

The old star slowly replied, "We shine so the universe is never completely dark."

Around Luma floated colorful planets. One icy planet glittered like diamonds, while another planet had endless oceans of purple water. They all moved gracefully around their stars like dancers in cosmic ballet.

One day Luma noticed a lonely wandering planet drifting through space.

"Where is your star?" Luma asked gently.

The planet replied, "I lost my orbit long ago. Now I travel the universe alone."

Luma felt something warm inside its fiery core. The young star slowly pulled the planet closer with its gravity.

"You can stay here," Luma said.

The wandering planet finally had a home again. Over millions of years, tiny moons formed around it, and glowing rings of ice circled its sky.

From far away, astronomers on earth one day noticed a new bright star with a beautiful planetary system. They gave it a name: The Kind Star.

"And in the endless universe of galaxies, stars, and planets, a new story quietly began..."

- Abhinav P M
S4 ME
(2023-27)

# Importance of Positive Personality traits in Students lives

SANIYA JOFFY
S2 EEE
(2025-2029)



Helen keller enlightened us: "keep your face to the sunshine and you cannot see a shadow." Such is the demeanor which should be adopted by all students. Each and every student should have a positive approach to life and when difficult, strenuous situations arise, they should respond to them with positivity, almost spontaneously. However, children today react to such situations as if they're being punished and start questioning their purpose to live. Instead of such arduous reaction, one should recall that positive traits like persistence, optimism and self confidence, all hold the key to the door of success.

Health: Every student who has the traits of a positive person does not feel inferior to his peers. This aspect of having a positive approach alone can drastically improve one's mental wellbeing. The student becomes considerably more mature and emotionally strong.

Socialization: Would you like to be around a person who vibes off his negativity all the times? No, right! I mean, no one wants to feel worse about themselves. Positivity attracts positivity. The more positive you are, the more influential you get! People crave for your company. They'll be affected by your positivity and change.

Active mind: With a positive conduct, one becomes more prone to wanting to learn more things willingly. Students instead of being shy when trying new things should apply for positive mindset, by enjoying the experience with clarity and sense of willingness.

In a nutshell, one should have the mindset: "This too shall pass," when facing difficulties, setbacks and atrocities. They should ingrain in themselves that this life is a ride or die, with a positive approach one can alleviate themselves to acheive further; and beyond. Instead of doubting themselves when trying new things, one should be more forgiving and ask themselves: "Why not me?





# ബാക്കിയാം ഓർമ്മകൾ

മണ്ണിൻ മണവുമായ് മഴയിൽ നനഞ്ഞതും

പുഴയിലെ തോണിയിൽ പതിയെ തുഴഞ്ഞതും

രാത്രിയാദീപമതിൽ നാമം ജപിച്ചതും

ഇന്നലേതെന്നപോൽ തോന്നിടുന്നു.

ഏകാന്തമായൊരീ ദേശത്തുവന്നു ഞാൻ

രാവുപകലില്ലാതലഞ്ഞിടുമ്പോൾ

'ഉണ്ണി നീയെന്നുവരുമമ്മയെ കാണുവാൻ'

എന്നൊരീ ചോദ്യത്തിലാണു ജീവൻ.

അറിയില്ല പലരുമന്നോർക്കില്ല ചിലരും

തൻ വീടുമതു സ്വപ്നമായ് മാറുമെന്ന്

മുത്തശ്ശി പകരുന്ന ചെറുകഥയൊക്കെയും

കേൾക്കാൻ കൊതിക്കുന്ന ഗാനമെന്ന്.

ചേച്ചിയോടൊത്തു ചിരിക്കുന്ന നേരവും

കൂട്ടരുമൊത്തു അലയുന്ന വഴികളും

അച്ഛന്റെ ഉച്ചമയക്കവും പാട്ടുമെൻ

നിശ്വാസമതിലിന്നു ബാക്കിയുണ്ട്.

Maria Sunil Antony
S2 CS C
(2025-2029)



# ആൾക്കൂട്ടക്കൊല

ആൾക്കൂട്ടക്കൊലതൻ
ചട്ടലനൃത്തത്തിന
വേദിയാകം ഇന്ത്യ
എൻ ഇന്ത്യതൻ
സമാധാനം എവിടെപ്പോയി
മറഞ്ഞു ?
ശാന്തിതൻ മന്ത്രമോദിയ
ഗാന്ധിതൻ ഇന്ത്യയോ?
അതോ യെൻ ഇന്ത്യ
മാറിമറിഞ്ഞതോ?
സംശയഗ്രസ്തയായ്
നിൽപ്പൂ ഞാനാരോദനം
എൻ കർണ്ണപുടങ്ങളിൽ
അലയടിക്കവേ
പ്രത്യാശതൻ നാമ്പിനെ
പുണരാൻ
ഇനി അവതരിക്കമോ
മറ്റൊരു ഗാന്ധി.
കാണക നീ നിൻ
കണ്ണിനാലേ കാണക
നീ നിൻ കണ്ണിനാലേ.
കാണവാനായില്ല
മറ്റൊരു ഗാന്ധിയെ
കേൾക്കുവാനായില്ല
ശാന്തിതൻ മന്ത്രം
ഈ മണ്ണിൽ
ഭൂജാതനാകമോ?
ഈ മണ്ണിൽ
ഭൂജാതയാകമോ?
മറ്റൊരു ഗാന്ധി;
കാത്തിരിക്കയാണ ഞാൻ
രണ്ടാമതൊരു ഗാന്ധിയെ
കാത്തിരിക്കയാണ ഞാൻ
മറ്റൊരു ജനതയെ.

Jisna Jose
S4 CSB
(2024-2028)













Neelima E
Assistant Professor
EEE







-Sandesh K San
S2 EEE
(2025-2029)

















# A Love Reborn

Your tiny toes, your little fingers,
A love so pure, a dreamy wish fulfilled,
Your charming smile, your sparkling eyes,
Like a shining light in stormy skies.

When days are dark and nights feel long,
Your laughter turns them into a beautiful song.
The weight of worries just melts away,
With your tiny touch and hopeful gaze.

Who knew that life within my own
Would teach me love I'd never known,
That in my womb, a universe grew,
A spark of light, so bright and true.

You, my boy, my heart, my blessing
A light that even time can't erase,
A love so vast, so tender and genuine
My anchor strong in the tide called life.

When I gave birth to you , I was reborn,
A love awakened, pure and warm.
For in your eyes, I see my worth so fine-
You are my second birth,forever sworn.

- Midhu Elizabeth George
Assistant Professor
BSH





# സമയം ഓടിക്കൊണ്ടിരിക്കുന്നു.

**Christeena P J**
**S4 ECE**
**(2024-2028)**

"എന്തൊരു വേഗമാണ് സമയം പോകുന്നേ..."

പ്രായം കൂടും തോറും ജീവിതത്തിൽ ലഭിക്കുന്ന സമയം
കുറഞ്ഞു കുറഞ്ഞു വരുന്നതായി തോന്നാറുണ്ടോ ?
ഒരിക്കലെങ്കിലും സമയം കിട്ടിയില്ല എന്നുള്ള ന്യായീകരണം
നടത്താത്തവരായിട്ട് ആരുമുണ്ടാകില്ല. നാം വളർന്ന് വരുംതോറും
മണിക്കൂറിന്റെ ദൈർഘ്യം കുറഞ്ഞുവരുന്നതായി
പലപ്പോഴും തോന്നാറുണ്ട്. ശരിയല്ലേ? പഴയതിനേക്കാൾ വേഗത്തിൽ
ഭൂമി കറങ്ങുന്നതുകൊണ്ടാണോ?
അതോ നമ്മുടെ ജീവിതശൈലികൾ കൊണ്ട് വന്ന മാറ്റമാണോ ?

പണ്ട് നാം സ്വയം ചെയ്തിരുന്ന പല കാര്യങ്ങളും ഇന്ന് നിർമ്മിത ബുദ്ധിയുടെ സഹായത്താൽ ചെയ്യുന്നു. അതിനാൽ തന്നെ പ്രവർത്തികൾ ചെയ്യുന്നതിനുള്ള മനുഷ്യന്റെ വേഗത കുറയുന്നു. എല്ലാ കാര്യങ്ങളിലും ഒരു സഹായിയായി നിന്ന് നമ്മുടെ ജീവിതശൈലികൾ തന്നെ മാറിമറിയുകയാണ് നിർമ്മിത ബുദ്ധിയുടെ ആഗമനത്തോടെ . പണ്ടൊക്കെ നാം ഒരു വിഷയത്തെപ്പറ്റി കേട്ടാൽ അതെ പറ്റി ചിന്തിക്കുവാനും സംസാരിക്കുവാനും എല്ലാം സമയം ചിലവഴിച്ചിരുന്നു. ഇന്ന് ഏതൊരു വിഷയം കേട്ടാലും ഓൺലൈൻ സാങ്കേതിക വിദ്യയുമായി ചേർന്നിരുന്നാണ് ആലോചന നടത്തുന്നത്. ചിന്തിക്കാൻ പോലും മനുഷ്യന് സമയം ചിലവഴിക്കാൻ താല്പര്യമില്ല. ഇങ്ങനെയുള്ള ശീലങ്ങൾ കാരണം സമയക്രമീകരണം നമുക്ക് പലപ്പോഴും ജീവിതത്തിൽ പ്രാവർത്തികമാക്കാൻ സാധിക്കുന്നില്ല.

ഒരു പ്രൊഫഷണൽ ജീവിതരീതിയിൽ ഏതൊരു കാര്യവും ഏറ്റെടുക്കുന്നതിന് മുൻപ് അതിന്റെ സമയപരിധി അറിഞ്ഞിരിക്കുന്നത് നല്ലതാണ്. അവസാന നിമിഷത്തിനു മുൻപായി അത് പൂർത്തിയാക്കുന്നതുമാണ് പ്രൊഫഷണലിസം . പലപ്പോഴും ചിലകാര്യങ്ങളിൽ ഒരു അവസാനതിയതി വ്യക്തമല്ലാതിരിക്കാം. അങ്ങനെയെങ്കിൽ സ്വയം ഒരു സമയപരിധി നിശ്ചയിക്കണം . വ്യക്തിപരമായ കാര്യങ്ങളിൽ ഓൺലൈൻ മീഡിയകളുടെ കൈ കടത്തലുകൾ അനുവദിക്കാതെ സ്വന്തമായി ഒരു സമയക്രമീകരണവും നിയന്ത്രണവും ചെയ്യാൻ സാധിച്ചാൽ പിന്നെ ജീവിതം വളരെ അനായാസമാകും .

സമയം കിട്ടിയില്ലെന്ന പരാതിയും ന്യായീകരണങ്ങളും മാറ്റി വെച്ച് കിട്ടുന്ന സമയം മനോഹരവും ഫലപ്രദവുമാക്കുവാൻ നമുക്ക് ശ്രമിക്കാം. സമയത്തിന് മുൻപേ ഓടുവാൻ സാധിക്കില്ലെങ്കിലും സമയം ഓടുന്നുണ്ടെന്നറിഞ്ഞ് നമ്മുടെ ഓട്ടത്തിന്റെ വേഗത കൂട്ടുവാൻ ശ്രദ്ധിക്കണം. സമയം കൈയ്യിലുണ്ടെങ്കിൽ...... " ഒന്നൂടെത്തുടങ്ങാമിനി ....വിണ്ണെത്തിപ്പിടിക്കാമിനി...."



# ബാല്യകാലസുഹൃത്ത്

"ചെറുപ്പകാലത്ത് നമുക്ക് കിട്ടുന്ന സുഹൃത്തുക്കൾ—അവരെ മരണം വരെ കൂടെ നിർത്തുക. അങ്ങനെ കൂടെ നിൽക്കുന്ന സുഹൃത്തുക്കൾ ഉണ്ടെങ്കിൽ നാം ഭാഗ്യവാന്മാണ്. എന്നാൽ അവരെ നഷ്ടമായാലോ??...

ഇത് രണ്ട് ഉറ്റ കൂട്ടുകാരുടെ കഥ. കഥ നടക്കുന്നത് ഒരു ചെറു ഗ്രാമത്തിൽ. ജോനാസ്, ഹെൽഗെ. അവർ പരിചയപ്പെട്ടത് നാലാം ക്ലാസ് മുതൽ.ജോനാസ് എപ്പോഴും തനിച്ചാണ് ക്ലാസ്സിൽ ഇരിക്കുക.അവൻ ഒരു സാധാരണ കുടുംബത്തിലെ പയ്യൻ ആയിരുന്നു. ഹെൽഗെയുടെ കുടുംബം വളരെ ഉയർന്നതായിരുന്നു. ജോനാസിനെ എല്ലാവരും അവഗണിച്ചിരുന്നു. അവൻ വളരെ പാവമായിരുന്നു. അധികം സംസാരിക്കില്ല.ഹെൽഗെക്ക് ഇവനെ കണ്ടപ്പോൾ തന്നെ തന്റെ സുഹൃത്ത് ആക്കണമെന്നുണ്ടായി. അവൻ ജോനാസിന്റെ മുന്നോട്ട് ചെന്ന് സംസാരിച്ചു. ജോനാസ് എപ്പോഴും വളരെ നിശബ്ദനായി കളിയും ചിരിയുമില്ലാതെയാണ് മറുപടി പറഞ്ഞത്. ഹെൽഗെ വളരെ വികൃതി ഉള്ള കുട്ടിയാണ്. കുറേ ദിവസങ്ങൾ കടന്നു പോയി. ഇവർ നല്ല സുഹൃത്തുക്കളായി. ജോനാസ് നടന്നുകൊണ്ടാണ് സ്കൂളിൽ പോകുക. അവന് സൈക്കിൾ ഉണ്ടായിരുന്നില്ല ഇതറിഞ്ഞ ഹെൽഗെ പിന്നീട് മുതൽ അവനെ കൂടി സൈക്കിളിൽ കയറ്റും. ഇവർ പോകുന്നതും വരുന്നതും എല്ലാം ഒരുമിച്ച്. ഇവരുടെ സ്നേഹം സഹോദരങ്ങളെപ്പോലെ ആയിരുന്നു. ജോനാസ് പഠനത്തിൽ മിടുക്കനായിരുന്നു എന്നാൽ ഹെൽഗെ നേരെ വിപരീതവും. ജോനാസ് തനിക്ക് ലഭിക്കുന്ന സമയം എല്ലാം ഹെൽഗെയെ പഠിപ്പിക്കുമായിരുന്നു. വർഷങ്ങൾ കടന്നു പോയി. ജോനാസ് ഇപ്പോൾ നല്ല ജോലിയിലായി. എന്നാൽ ഹെൽഗെയുടെ ജീവിതം വളരെ കഷ്ടപ്പാടിലായി. അവർ തമ്മിൽ കണ്ടിട്ട് വളരെ കാലമായിരിക്കുന്നു. ജോലിത്തിരക്കിൽ ജോനാസ്

കത്തുകൾ എല്ലാം നോക്കാൻ വിട്ടു പോകുന്നു. അതിൽ ഹെൽഗെയുടെയും ഉണ്ടായിരുന്നു . തന്റെ സുഹൃത്ത് വലിയ നിലയിൽ എത്തിയപ്പോൾ തന്നെ മറന്നോ എന്ന വിഷമത്തിൽ ഇരിക്കുകയാണ് ഹെൽഗെ. അപ്പോൾ വീടിന്റെ കതക് മുട്ടുന്നു തുറന്നു നോക്കുമ്പോൾ കണ്ടത് ജോനാസ് ആണ്. രണ്ടുപേരും ഒരു നിമിഷം മൗനം പിടിച്ചു മിഴിച്ചു നിന്നു. അതിനുശേഷം അവർ കെട്ടിപ്പിടിച്ചു കരഞ്ഞു. പിന്നീട് അവർ സംസാരിച്ചു കൊണ്ടേയിരുന്നു. സംസാരിച്ചു സംസാരിച്ചു അവർ കഴിഞ്ഞ കാലത്തേക്ക് പോയി പണ്ടത്തെ ഓർമ്മകളിലൂടെയും ഇരുവരും സന്തോഷത്തോടെ കടന്നുപോയി.

ജീവിതത്തിൽ ഏറ്റവും മനോഹരമായ രണ്ടു സന്ദർഭങ്ങൾ ഉണ്ട്. ഒന്ന് നമ്മുടെ പ്രിയപ്പെട്ട വ്യക്തികളുടെ കൂടെ നല്ല നിമിഷങ്ങൾ ചിലവഴിക്കുന്നത്. രണ്ട് വർഷങ്ങൾക്കു ശേഷം ആ വ്യക്തിയോടു തന്നെ ആ മനോഹരമായ ഓർമ്മകൾ പറഞ്ഞു പുതുക്കുന്നത്.



P.A.Aiswarya
S2-CSD
(2025-2029)

# ഒരിക്കൽ കൂടി

നിലാവുള്ള ഈ രാത്രി, വിനീത് തന്റെ യമഹ **RX-100** ൽ തിരിച്ചു വീട്ടിലേക്ക് പോകുന്നത് ഏറെ വിങ്ങലുള്ള ഒരു ഹൃദയം കൊണ്ടായിരുന്നു. ചെറിയ ആ ചാറ്റൽ മഴയത്ത് അവന്റെ കണ്ണുനീർ കലങ്ങി ചേർന്നിരുന്നു. മഴയും പേറി ബൈക്കിൽ മുന്നോട്ടുപോകുമ്പോൾ അവന്റെ മനസ്സ് പോയത് പിന്നിലോട്ട് പഴയ ആ ബി.ടെക് കാലഘട്ടത്തിലേക്കായിരുന്നു.

ഇതുപോലൊരു മഴയുള്ള ദിവസം അവൻ കോളേജിലോട്ടു പോകുന്ന വഴിയാണ് അവളെ ആദ്യമായി കാണുന്നത്. ബസ്സ്റ്റോപ്പിൽ നിന്ന് കോളേജിലോട്ട് കുടയും ചൂടി നടക്കുകയായിരുന്നു അവൾ. വൈകിയതുകൊണ്ട് അധികം ഒന്നും ചുറ്റിത്തിരിയാതെ അവൻ നേരെ ക്ലാസ്സിലോട്ട് കയറി. കോളേജിൽ ഇലക്ഷൻ ചൂടേറി നിൽക്കുന്ന കാലമായിരുന്നു അത്. എസ്.എഫ്.ഐയുടെ പ്രതിനിധിയായി മത്സരിക്കുന്നത് നമ്മുടെ കഥാനായകനായിരുന്നു. വോട്ടും ചോദിച്ച് ഫസ്റ്റ് ഇയേഴ്സിന്റെ ക്ലാസ്സിലേക്ക് കയറിയപ്പോൾ അവൻ ആ കരിമിഴി വീണ്ടും കണ്ടു. അത്രനേരം എല്ലാ ക്ലാസ്സുകളിലും പോയി ഉശിരോടെ വോട്ട് ചോദിച്ച വിനീതിന് അവളുടെ മുന്നിൽ വാക്കുകളിടറി. കൂടെയുള്ള കൂട്ടുകാർ എന്തൊക്കെയോ പറയുന്നുണ്ടായിരുന്നു. മുന്നിൽ ഇരിക്കുന്ന കുട്ടികൾ അവന്റെ ചൂടേറിയ പ്രസംഗത്തിനു വേണ്ടി കാത്തുനിൽക്കുകയായിരുന്നു. എന്നാൽ അവനു ആകെ കാണാൻ കഴിയുന്നത് അവളുടെ ആ കണ്ണുകൾ മാത്രമായിരുന്നു. അവനൊന്നും പറയാതെ ആ ക്ലാസ്സിൽ നിന്ന് ഓടിയിറങ്ങി.

പിന്നാലെ പോയ കൂട്ടുകാരോട് അവൻ കാര്യം പറഞ്ഞു. പിന്നീട് അവളെ കാണുമ്പോഴൊക്കെ കൂട്ടുകാർ അവനെ കളിയാക്കുന്നത് അവളും ശ്രദ്ധിച്ചിരുന്നു. അങ്ങനെ ഇലക്ഷന്റെ റിസൾട്ട് വരുകയും പ്രതീക്ഷ പോലെ വിനീത് ജയിക്കുകയും ചെയ്തു. അന്ന് ഉച്ചയ്ക്ക് കാന്റീനിലേക്ക് പോകുന്ന വഴി തന്നെ ആരോ തോണ്ടിയത് കൊണ്ട് പിന്നിലേക്ക് തിരിഞ്ഞ വിനീത് മുന്നിൽ കണ്ടത് ആ കരി മിഴികളാണ്. കൈമുന്നിലേക്ക് നീട്ടി അവൾ പറഞ്ഞു "അഭിനന്ദനങ്ങൾ" അവൻ ഒരു നിമിഷം സ്തംഭിച്ചു പോയി. തിരിച്ചു പറയാൻ അവന്റെ വാക്കുകൾ ഇടറുന്നുണ്ടായിരുന്നു. എന്നാലും അവൻ ചോദിച്ചു തന്റെ പേരെന്താ, "പ്രിയ" അവൾ പറഞ്ഞു. പിന്നെ ആ ദിവസത്തിൽ നിന്ന് തുടങ്ങിയത് ഒരു നീണ്ട പ്രണയകാലമായിരുന്നു.

അവൻ അവളെയും അവൾ അവനെയും തീരാതെ പ്രണയിച്ചിരുന്നു. കാലങ്ങൾക്ക് ശേഷം അവർ വീട്ടിൽ നിന്ന് എതിർപ്പൊന്നും ഇല്ലാതെ വളരെ ഭംഗിയായി കല്യാണവും കഴിച്ചു. പക്ഷേ അതിനുശേഷം ആണ് കാര്യങ്ങൾ മാറിമറിഞ്ഞത്.

പാർട്ടിയും പരിപാടിയുമായി വിനീത് പഴയതിൽ നിന്നും വളരെയധികം മാറി. ഊണിലും ഉറക്കത്തിലും അവന് പാർട്ടിയായിരുന്നു ഏറ്റവും വലുത്. എന്നും തല്ലും തലവേദനയുമായി വീട്ടിൽ കയറിച്ചെന്ന് അവൻ ദേഷ്യം തീർക്കുന്നത് പ്രിയയുടെ അടുത്തായിരുന്നു. അവൻ അവളെ ക്രൂരമായി മർദ്ദിച്ച് കൊണ്ടേയിരുന്നു. അവളുടെ ജീവിതം തീരാത്ത കണ്ണീരുകൾ കൊണ്ട് നിറഞ്ഞു. ഏറ്റവും സന്തോഷിച്ചു ചെയ്തിരുന്ന നൃത്തം അവൾ ഉപേക്ഷിച്ചു. കൂട്ടുകാരുടെ നിരന്തരമുള്ള "ഈ മുറിവ് എങ്ങനെ വന്നു " എന്നുള്ള ചോദ്യത്തിന് തിരിച്ചു പറയാൻ അവൾക്ക് വാക്കുകൾ ഉണ്ടായിരുന്നില്ല. രാത്രി കള്ളും കുടിച്ച് എന്നും വരുമ്പോൾ അവൾ അവന്റെ കാലിൽ വീണു പറഞ്ഞിട്ടുണ്ട് ഇതൊക്കെ നിർത്തി അവളുടെ പഴയ വിനീതായി തിരിച്ചുവരാൻ. എന്നാൽ അവന് അപ്പോഴും എന്തിനെക്കാളും വലുത് അവന്റെ പാർട്ടി പരിപാടികൾ ആയിരുന്നു.

മിനിഞ്ഞാന്ന് രാത്രി എതിർ പാർട്ടിയുമായി ഉണ്ടായ ഒരു സംഘർഷത്തിൽ അവന്റെ പാർട്ടിയിലെ പലർക്കും മുറിവേറ്റു. ഇതു കേട്ട ദേഷ്യത്തിൽ ആയിരുന്നു അവൻ വീട്ടിലേക്ക് കയറിച്ചെന്നത്. വന്നപ്പോൾ അവൻ കാണുന്നത് അവൾ സന്തോഷത്തോടെ ഇരിക്കുന്നതാണ്. ഇത് കണ്ടതും അവളുടെ കഴുത്തിൽ പിടിച്ചവൻ തല ഭിത്തിയിലേക്ക് ഇടിപ്പിച്ചു. തടയാൻ അവൾ കൈയെടുത്തതും അവൻ അവളെ നിലത്തേക്ക് എല്ലാ ശക്തിയും ഉപയോഗിച്ചു ഉന്തിയിട്ടു. അവളുടെ തലയിൽ നിന്ന് നിർത്താതെ രക്തം വരുന്നുണ്ടായിരുന്നു. ഇതൊന്നും ശ്രദ്ധിക്കാതെ നേരെ അടുക്കളയിൽ പോയി ഭക്ഷണം എടുക്കുമ്പോൾ അതിനു തൊട്ടടുത്തായി കിടക്കുന്ന പ്രെഗ്നൻസി കിറ്റിലേക്ക് അവന്റെ കണ്ണുകളുടക്കുന്നു. കാണുന്നത് രണ്ടു വരകളാണ്. ഇത് കണ്ടതും നേരെ ഓടി പോയി നോക്കുമ്പോൾ കാണുന്നത് ശ്വാസം എടുക്കാതെ കിടക്കുന്ന അവളുടെ ശരീരമാണ്.

അന്ന് ആ രാത്രി അവൻ പൊഴിക്കാത്ത കണ്ണുനീരില്ല. ഒരിക്കൽ കൂടി ഒരു അവസരം കിട്ടിയിരുന്നെങ്കിൽ...

***Sradha Praveen***
**S2 CSD**
**(2025-2029)**














VINE & SEEK




Anna Tom
S6 CSA


Anna Tom
S6 CSA
(2023-2027)


Anna Tom
S6 CSA
(2023-2027)







"നമുക്ക് മുൻപേ പോയവർ കാണിച്ച വഴിയിലൂടെയല്ലേ നമ്മൾ പോകേണ്ടത്?

അവരുടെ മനസ്സിലില്ലാത്ത ചിന്തകൾ നമ്മുടെ മനസ്സിൽ വന്ന കൂടാ.

സൂര്യൻ അസ്തമിച്ചു കഴിഞ്ഞേ നമുക്ക് ജനിക്കാനാകൂ.

ഉദിക്കുമ്പോൾ നമ്മൾ മരിക്കുക തന്നെ വേണം"

കൂടെയുള്ള മറ്റൊരു മഞ്ഞുതുള്ളി പറഞ്ഞു



"മരിക്കുവാൻ ഞാൻ തയ്യാറല്ല.
ഞാൻ മരിച്ചാൽ എനിക്കു
പിൻപേ വരുന്നവരും
ഇവിടെ മരിച്ചു വീണുകൊണ്ടിരിക്കും"

# A TRIP TO WAYANAD



Last vacation I had the
chance to visit the beautiful hill district of Wayanad in
the northern part of Kerala, known for its lush forests, misty mountains, wildlife and rich tribal culture. Wayanad one of the most peaceful and scenic places in the Western Ghats.

Our journey to Wayanad started from Kochi early morning. As we moved towards the hills, the landscape gradually changed from busy roads to winding mountain routes surrounded by forests and plantations. The cool breeze and fresh air made the journey refreshing and exciting. One of the most thrilling parts of the journey was the drive through the Thamarassery Churam, which has several sharp hairpin bends. From the top, the view of the valleys and forests below was breathtaking.

Our first destination in Wayanad was the beautiful Pookode Lake, surrounded by dense forests and hills. The lake looked calm and serene. We enjoyed a peaceful boat ride while admiring the surrounding scenery. Later we visited the Edakkal Caves. The trek to the caves was a little challenging but very exciting inside the caves we saw ancient rock carvings, believed to be thousands of years old which gave us a glimpse into prehistoric human life. Waterfalls and wildlife another highlight of the trip was visiting Soochipara falls. The water falling from a great height into a rocky pool, created a spectacular sight. The sound of the cascading water and the cool mist in the air made the place feel magical. We also visited the Wayanad Wildlife Sanctuary, which is home to animals like elephants, deer and many species of birds. Although we couldnot see many animals during our visit, the dense forests and natural beauty made the experience memorable.

*-Cerin P Arun*
*S4 CSB*
*(2024-2028)*





























# Empathy or Sympathy?



**Empathy asks too much –
to feel a pain not mine,
to step into storms
I never lived.
So I choose sympathy –
safe, distant, untouched.
No wounds to carry,
no nights to lose,
just soft words
and a gentle face.
Nothing risked,
nothing broken –
yet I'm called kind;
sometimes even a hero.
But I wonder...
is it kindness at all
if I never truly feel?**

- Bincy. T J
Assistant professor
BSH

# ജനിമൃതിയുടെ Yaത്രയിൽ

പടച്ചട്ട തേർത്തട്ടിലേക്ക് വലിച്ചെറിഞ്ഞു
ഉൾവലിയാൻ തോന്നുമ്പോൾ...
അംഗുലികൾ ശരങ്ങളെ തഴഞ്ഞു
അക്ഷരങ്ങളെ തേടും...
അതു കണ്ടു വെള്ളിമേഘങ്ങൾ തേരാളികളായ് വരും..
നിറമണിഞ്ഞ പൂങ്കാവനത്തിൽ...
തെളിനീരൊഴുകും ചോലകൾ കണ്ട്...
ഇലചാർത്തുകളിൽ മുക :മുണർത്തും
ഇളംകാറ്റിനെ തൊട്ട് ...|
വനശലഭമായി...വന്യമായി...
അങ്ങനെ അങ്ങനെ ... യാത്ര തുടരും...




-Angitha Sasidharan
Assistant Professor
CE

# പ്രണയാതുരം

ഈ ധനുവിൽ നിന്നുടെ ചുടുസ്പർശമേക്കാൻ
ഞാൻ കൊതിയ്ക്കുന്നുവോ...
എരിയും നിള  കണക്കേ നിൻ ആത്മാവിൻ വെളിച്ചം
എൻ കാലടികൾക്കിന്ന് ദിശ നൽകുന്നുവോ...
ഓരോ നിമിഷവും നീയെന്ന സത്യം ഇടനെഞ്ചിലെ
കനലായി നീറുന്നുവോ... ആരോ... അകലെ
മായുന്നുവോ... എല്ലാം നീയായി  മാറുന്നുവോ...
ഒരു വേനൽ മഴപോലനിന്നന്റെ
നീയെന്നൊരോർമ്മ  എൻ അഴിയിൽ വീഴുന്നത്
നറുനെയ്യ്  കണക്കിനോ... മലരേ...
എവിടേയ്ക്ക് മായുന്നുവെൻ  പ്രാണനേ  നീ
മറയരുതേ... ഒരു മാത്ര കൂടി ഞാനറിയട്ടെയോ...
നിൻ നിശ്വാസമെന്നിട നെഞ്ചിൽ...
ഒരു മാത്ര കൂടി തഴുകാൻ കൊതിയ്ക്കുന്നു പൊന്നെ
എൻ കരങ്ങൾ നിൻ മൃദുമേനിയെ
നിന്നെ പുണരുമ്പോൾ
ഈ പ്രപഞ്ചമേ മായുന്നുവോ സഖീ
ഒരു നോക്ക് കാൺമാൻ  ഹൃദയം തുടിക്കുന്നുവെൻ കരളേ...



-Ashly P S
S2 CS-BS
(2025-2029)

# ഒരിക്കൽ കൂടി തന്റെ നാട്ടിൽ

അതാ താൻ എത്തിച്ചേർന്നിരിക്കുന്നു. താൻ ഓടി കളിച്ച അതേ മുറ്റത്ത്. ഓർമ്മയിലുള്ളത് മണ്ണും ചരലും നിറഞ്ഞ. പുതുമഴയിൽ  പുല്ലുകൾ കിളിർക്കുന്ന തിരുമുറ്റം. എന്നാൽ താൻ ഇന്ന് കാണുന്നത് ടൈൽ വിരിച്ച് ശ്വാസം മുട്ടി മരിച്ച മുറ്റത്തിന്റെ ജഡം. തനിക്കിതൊന്നും ഒരിയ്ക്കലും ഉൾക്കൊള്ളാൻ കഴിയില്ല എന്ന ബോധം ബാബുവിൽ ഉടലെടുക്കുന്നു. പാശ്ചാത്യലോകത്തിന്റെ തടവറയിൽ താൻ കഴിഞ്ഞ ഓരോ വർഷവും തന്റെ നാടിന്റെ മനോഹാരിത മാത്രമായിരുന്നു അയാളെ ജീവിക്കാൻ പ്രേരിപ്പിച്ചിരുന്ന ഒരേയൊരു ഘടകം.നാട്ടിൽ നിന്ന് ജോലി ആവശ്യത്തിനായി കുടുംബത്തിനെ വിട്ടു പോകുമ്പോൾ ഉടനെ ഒരു തിരിച്ചുവരവ് അയാൾ പ്രതീക്ഷിച്ചിരുന്നു. എന്നാൽ ജോലി തിരക്കും താൻ ഒരു കുടുംബസ്ഥനായതിനാലും മടക്കയാത്ര ഉണ്ടായില്ല. ഇന്ന് മകൾ വളർന്ന് തന്നോളമെത്തിയിരിക്കുന്നു. പ്രായാധിക്യം മൂലമുള്ള പ്രശ്നങ്ങൾ കൂടി കൂടി വരുന്നതിനാൽ ജോലി രാജി വച്ച് തന്റെ നാട്ടിലേക്ക് പുറപ്പെട്ടതാണയാൾ. കൂടെ ചെറുമകളെയും കൂട്ടിയിട്ടുണ്ട് - "നാടിന്റെ സൗന്ദര്യം ആസ്വദിക്കാൻ!"എന്നാൽ വന്നിറങ്ങിയ നിമിഷം തന്നെ,താൻ കണ്ട കാഴ്ചൂ ഒരല്പം തന്നെ ഭയപ്പെടുത്തുന്നു. 30 വർഷം കൊണ്ട് തന്റെ നാടിന് ഇത്ര വ്യത്യാസമുണ്ടായോ? പണ്ടത്തെ നാലുകെട്ട് വീട് പൊളിച്ച് പകരം ഇരുനില കെട്ടിടം നിർമ്മിച്ചിരിക്കുന്നു. പണ്ട് താൻ നീന്തി തുടിച്ച തറവാട്ടു കുളമാകട്ടെ നികത്തപ്പെട്ടിരിക്കുന്നു. കൂട്ടുകാരോടൊത്തു കല്ലെറിഞ്ഞ മാവുകൾ മുറിച്ചു കഴിഞ്ഞിരിക്കുന്നു. തന്റെ ചങ്ങാതിമാരോടൊപ്പം മാങ്ങ പറിച്ചതും പങ്കിട്ടതുമെല്ലാം ചെറുമക്കൾക്ക് ഏറ്റവും പ്രിയപ്പെട്ട കഥകളാണ്. തറവാട്ട് കുളത്തിലെ ആമ്പലും താമരയും ഇന്നവർക്ക് കാണാക്കാഴ്ചയായി മാറിയിരിക്കുന്നു. ഞാൻ അവരോട് എന്ത് പറയും? പാടത്ത് ഞാറു നടുന്നതും നെൽക്കതിർ കൊയ്യുന്നതും കിളികൾ നെൽക്കതിർ കൊത്തി പറക്കുന്നതുമൊന്നും താനിനിയൊരിക്കലും കാണില്ല എന്ന സത്യം വേദനയോടെ അയാൾ തിരിച്ചറിയുകയാണ്. പാടവരമ്പിലൂടെ ഒന്ന് നടക്കാൻ ബാബു കൊതിക്കുന്നു.

